പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2440 08.07.2015 ലെ മറുപടിയ്ക്ക്

# ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ബി.ആർ.ഡി.സി (ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ) ക്ക് ഒരു വർഷം എത്ര തുകയാണ് വരുമാനമായി ലഭിക്കുന്നത്; പ്രസ്തുത തുക ബി.ആർ.ഡി.സിക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | ബി.ആർ.ഡി.സി ക്ക് ഒരു വർഷം 359 ലക്ഷം രൂപ വരുമാനമായി ലഭിക്കേണ്ടതുണ്ട്. പ്രസ്തുത തുക ബി.ആർ.ഡി.സിക്ക് കൃത്യമായി ലഭിക്കുന്നില്ല. പ്രവർത്തനക്ഷമമായ രണ്ട് റിസോർട്ടുകളും ബേക്കൽ ബീച്ച് പാർക്ക്, പാർക്കിംഗ് ബേ, കെ.ടി.ഡി.സി ബീച്ച് ക്യാമ്പ് മുതലായ യൂണിറ്റുകളിൽ നിന്നുമാണ് പാട്ടതുക കൃത്യമായിലഭിക്കുന്നത്. പ്രവർത്തനക്ഷമമാകുവാനുള്ള റിസോർട്ടുകളിൽ നിന്നും, ഹൗസ്ബോട്ട് സെന്ററിൽ നിന്നും, കൃത്യമായി പാട്ട തുക ലഭിച്ച് തുടങ്ങിയിട്ടില്ല. എങ്കിലും ഗഡുക്കളായി തുക ഇവർ അടയ്ക്കുന്നുണ്ട്. വൈകി അടയ്ക്കുന്ന തുകയ്ക്ക് പലിശയും ഈടാക്കുന്നുണ്ട്. ബാക്കി തുക അടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) | ബി.ആർ.ഡി.സി. യുടെ കൈവശം നിലവിൽ എത്ര തുക നീക്കിയിരിപ്പുണ്ട് ; | ബി) | ബി.ആർ.ഡി.സി. യുടെ പക്കൽ ഇപ്പോൾ 86 ലക്ഷം രൂപയാണ് (2014-15) നീക്കിയിരിപ്പുളളത്. |
| സി) | പ്രസ്തുത തുക ബി.ആർ.ഡി.സി.യുടെ ഡെസ്റ്റിനേഷൻ പരിധിയിൽ വരുന്ന പഞ്ചായത്തുകളുടെ ഭൗതിക സാഹചര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉപയോഗിക്കുക വഴി ടൂറിസം വികസനത്തിന് സാധ്യമാകുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | സി) | ബി.ആർ.ഡി.സി.യുടെ പ്രൊജക്ട് പരിധിയിലുള്ള പഞ്ചായത്തുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ബി.ആർ.ഡി.സി സ്ഥാപിതമായതു മുതൽ തുക ചിലവഴിക്കുന്നുണ്ട്. ഓരോ വർഷവും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുമുണ്ട്. |

| | | | |
|---|---|---|---|
| | | | |
| ഡി) | എങ്കിൽപ്രസ്തുത നീക്കിയിരിപ്പ് തുക പഞ്ചായത്തുകളുടെ ഭൗതിക സാഹചര്യം അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | ഡി) | ബി.ആർ.ഡി.സി. യുടെ കൈവശം നിലവിൽ 86 ലക്ഷം രൂപ മാത്രമാണ് നീക്കിയിരിപ്പായി ഉള്ളത്. ഇതു കൂടാതെ ബി.ആർ.ഡി.സി പുതിയ പദ്ധതികൾക്കായി തുക കണ്ടെത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ഈ തുക പഞ്ചായത്തുകളുടെ ഭൗതിക സാഹചര്യം അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ